M.E.S. ASMABI COLLEGE
Re-accredited by NAAC with 'A' Grade
P.Vemballur, P.O. – 680671,
Kodungallur, Thrissur Dist.
Email: principal.mesasmabi@gmail.com
Web.www.mesasmabicollege.edu.in

Tel.: Office : 0480-2850596
Principal : 9946228297

എം ഇ എസ് / എ സി 7 / ടെൻഡർ / പ്രൊജക്ടർ / 2025 29/09/2025

## ദർഘാസ് നോട്ടീസ്

ദർഘാസുകൾ പ്രിൻസിപ്പാൾ, എം.ഇ.എസ്. അസ്മാബി കോളേജ്, പി.വെമ്പല്ലൂർ എന്ന* വിലാസത്തിൽ . 29/10/2025 ഉച്ചക്ക് 3 മണിക്കകം ലഭിക്കത്തക്കവണ്ണം സമർപ്പിക്കേണ്ടതാണ്. കവറിനു മുകളിൽ "LCD പ്രൊജക്ടർ വിതരണം ചെയ്യുന്നതിനുള്ള ദർഘാസ്" എന്നും, ദർഘാസ് പരസ്യത്തിൻ്റെ നമ്പറും രേഖപ്പെടുത്തേണ്ടതാണ്. 29/10/2025 മൂന്ന് മണിക്കുശേഷം ലഭിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. ദർഘാസുകൾ 30/10/2025 ഉച്ചതിരിഞ്ഞ് 3.30 മണിക്ക് അപ്പോൾ സന്നിഹിതമായിരിക്കുന്ന ദർഘാസുകളുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

ദർഘാസ് ഫോറങ്ങൾ കോളേജ് ഓഫീസിൽ നിന്നും 29/10//2025 വരെ പ്രവൃത്തി ദിവസങ്ങൾ രാവിലെ 9 മണി മുതൽ ഉച്ചക്ക് 3 മണി വരെ ലഭിക്കുന്നതാണ്. ദർഘാസ് ഫോറത്തിന്റെ വില Rs. 630/- രൂപ നല്കേണ്ടതാണ്. തപാൽ മാർഗ്ഗം ആവശ്യമുള്ളവർ 50/- രൂപ മണിഓർഡർ അയക്കേണ്ടതാണ്. ഒരിക്കൽ ദർഘാസ് ഫോറത്തിന് നൽകിയ വില മേൽപ്പറഞ്ഞ തുകയേക്കാൾ കുറവായി അയയ്ക്കുന്ന മണിഓർഡറുകൾ സ്വീകരിക്കുന്നതല്ല. ചെക്ക്, ഡി.ഡി, സ്റ്റാമ്പ് എന്നിവ ഫോറത്തിൻ്റെ വിലയായി സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറം കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

ദർഘാസ് സമർപ്പിക്കുമ്പോൾ 200/-രൂപ മുഖവിലയുള്ള കേരളസർക്കാർ മുദ്ര പത്രത്തിൽ പ്രിലിമിനറി എഗ്രിമെൻ്റും, സമർപ്പിക്കുന്ന ദർഘാസിൻ്റെ 1% (മിനിമം 3000/- രൂപയിൽ കുറയാൻ പാടില്ല) തുക EMD ആയി നൽകേണ്ടതാണ്. EMD തുക ഡി.ഡി, ആയി സമർപ്പിക്കേണ്ടതാണ്.

പട്ടിക പ്രകാരമുള്ള സാധനങ്ങൾ മൊത്തമായോ, ഭാഗികമായോ നല് കുന്നതിനുള്ള നിരക്കുകൾ ഓഫീസിൽ നിന്നുംലഭിക്കുന്ന ദർഘാസ് ഫോറത്തിൽതന്നെ രേഖപ്പെടുത്തേണ്ടതാണ്. ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് ടി സ്ഥാപനങ്ങൾ നൽകുന്ന

കൊടുങ്ങല്ലൂർ
പിൻ : 680 671

സാധനത്തിൻ്റെ ഗുണമേന്മ കൂടി കണക്കിലെടുത്ത് ഭാഗികമായോ, മൊത്തമായോ വിതരണ ഉത്തരവ് നല്കുന്നതാണ്.

വിതരണ ഉത്തരവു ലഭിച്ചു കഴിഞ്ഞാൽ 20 ദിവസത്തിനകം സാധനങ്ങൾ കോളേജ് ഓഫീസിൽ എത്തിക്കേണ്ടതാണ്. അതിനായി യാതൊരുവിധ കടത്തുകൂലിയും കയറ്റിറക്കു കൂലിയും നൽകുന്നതല്ല. ഓരോ സാധനത്തിനും ജിഎസ്ടി ഉൾപ്പെടെയുള്ള വിലകളാണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. വിതരണഉത്തരവ് ലഭിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ സാധനങ്ങൾ നൽകാതിരുന്നാൽ തൊട്ടടുത്ത ദർഘാസുകാരന് ഉടനെ വിതരണ ഉത്തരവ് നല്കുന്നതും ഇത്തരത്തിൽ സർക്കാരിനുണ്ടാകും നഷ്ടം ആദ്യ ദർഘാസുകാരനിൽ നിന്ന് ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതും, ടി സ്ഥാപനത്തെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുമാണ്.

ദർഘാസിൽ പറയുന്ന തുകയേക്കാൾ കൂടുതൽ ഒരിക്കലും ആവശ്യപ്പെടുവാൻ പാടില്ലാത്തതും അപ്രകാരം തുക വർദ്ധിപ്പിച്ചു നല്കുന്നതല്ലാത്തതുമാകുന്നു.വിതരണ ഉത്തരവ് ലഭിക്കുന്നവർ സാധനങ്ങൾ നല്കുന്നതോടൊപ്പം അതിന്റെ വിലരേഖപ്പെടുത്തിയ ഇൻവോയ്സിൻ്റെ മൂന്നു പകർപ്പുകളും ഹാജരാക്കേണ്ടതാണ്. സാധനങ്ങൾ നല്കുന്നതിനുമുൻപ് ഫൈനൽ എഗ്രിമെന്റ് 200/- രൂപ മുഖവിലയുള്ള കേരളസർക്കാർ മുദ്ര പത്രത്തിൽ സ്റ്റോർ പർച്ചേസ് മാനുവൽ അപ്പൻഡിക്സ് ന്ധകക പ്രകാരമുള്ള കരാർ സമ്മതപത്രവും സപ്ലൈ ഓർഡറിൽ പറയുന്ന തുകയുടെ 5%തുകയ്ക്കുള്ള ഡി.ഡി. സെക്യൂരിറ്റി ഡെപ്പോസിറ്റും ഹാജരാക്കിയിരിക്കേണ്ടതാണ്. കൊട്ടേഷൻ / ബിൽ തുകയുടെ 2 % (ടി ഡി എസ് ഓൺ ഐ ടി- 2%) കിഴിച്ചു വരുന്ന തുക മാത്രമേ ഈ സ്ഥാപനത്തിൽ നിന്ന് ലഭ്യമാകുകയുള്ളൂ.

മുഖവില 210000/- രൂപ (രണ്ടു ലക്ഷത്തി പതിനായിരം രൂപ മാത്രം.)

എം.ഇ.എസ് അസ്മാബി കോളേജ് കൊടുങ്ങല്ലൂർ പിൻ: 680 671 പി.വെമ്പല്ലൂർ

പ്രിൻസിപ്പാൾ

28/1/25

ഡോ. സനന്ദ് സി സദാനന്ദ കുമാർ
പ്രിൻസിപ്പാൾ ഇൻ ചാർജ്
എം.ഇ.എസ്. അസ്മാബി കോളേജ്
പി.വെമ്പല്ലൂർ

Suggested Brands:-

1. BENQ
2. Epson
3. View Sonic

Specification:-

1. Colour Brightness: 4,500 lumens
2. Native resolution:   WXGA

ഡോ. സനന്ദ് സി സദാനന്ദ കുമാർ
പ്രിൻസിപ്പാൾ ഇൻ ചാർജ്
എം.ഇ.എസ്. അസ്മാബി കോളേജ്
പി.വെമ്പല്ലൂർ